**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1407** **03-02-2026 - ൽ മറുപടിയ്ക്ക്**

**കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയോട് കേന്ദ്രസർക്കാരിന്റെ വിവേചനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ ഇ ചന്ദ്രശേഖരൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്ത് മെച്ചപ്പെട്ട വിദ്യാഭ്യാസം പൊതുവിദ്യാലയങ്ങളിലൂടെ സാധാരണക്കാരുടെ കുട്ടികളിലേക്ക് എത്തിക്കുന്നതിൽ മുൻപന്തിയിൽ നിൽക്കുന്ന കേരളത്തോട് കേന്ദ്രസർക്കാർ വിവേചനപരമായ സമീപനം പിന്തുടരുന്നുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇത് വിശകലന വിധേയമാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | പൊതുവിദ്യാഭ്യാസ മേഖലയിൽ രാജ്യം തന്നെ മാതൃകയായി കണക്കാക്കുന്ന കേരളത്തോടുള്ള കേന്ദ്രസർക്കാരിന്റെ സമീപനം വിവേചനപരമാണെന്നത് ഗൗരവകരമായ കാര്യമാണ്. നീതി ആയോഗിന്റെ സ്കൂൾ എഡ്യൂക്കേഷൻ |ക്വാളിറ്റി ഇൻഡക്സ് (SEQI) പ്രകാരം ഒന്നാം സ്ഥാനത്തുള്ള കേരളത്തിന് അർഹമായ പരിഗണന നൽകുന്നതിന് പകരം, സാമ്പത്തികമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി വിദ്യാഭ്യാസ മുന്നേറ്റത്തെ തടസ്സപ്പെടുത്താനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ സാധാരണക്കാരുടെ കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് സമഗ്ര ശിക്ഷാ കേരളം മുഖേന നടപ്പിലാക്കാനുള്ള നിരവധി പ്രവർത്തനങ്ങൾക്ക് കേന്ദ്രവിഹിതം കൃത്യമായും സമയബന്ധിതമായും ലഭിക്കാത്തത് കേന്ദ്രസർക്കാരിന്റെ കേരളത്തോടുള്ള സമീപനത്തിന്റെ ഭാഗമായിട്ടുള്ളതാണെന്ന് കരുതുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളം മുഖാന്തിരം മറ്റൊരു കേന്ദ്രാവിഷ്കൃത പദ്ധതിയായ പി. എം. ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കണമെന്നുള്ള ധാരണാപത്രം കേന്ദ്രവിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിർദ്ദേശപ്രകാരം ഒപ്പിടാത്തതിനാൽ 2023 - 24 വർഷത്തെ രണ്ടാംഗഡു കേന്ദ്രവിഹിതം, 2023-24, 2024-25 എന്നീ വർഷങ്ങളിലെ കേന്ദ്രവിഹിതം എന്നിവ തടഞ്ഞു വച്ചിരുന്നു. പൊതുവിദ്യാലയങ്ങളിലെ സാധാരണക്കാരുടെ കുട്ടികൾക്ക് സൗജന്യ പാഠപുസ്തകം, കോംപോസിറ്റ് സ്കൂൾ ഗ്രാന്റ്, സ്കൂൾ ലൈബ്രറി ഗ്രാന്റ്, സ്പോർട്സ് ഗ്രാന്റ്, കുട്ടികൾക്കുള്ള വിവിധ ആനുകൂല്യങ്ങൾ, |

| | | | |
|---|---|---|---|
| | | | സ്റ്റൈഫന്റ്, ജീവനക്കാരുടെ ശമ്പളം, അധ്യാപക പരിശീലനം, ട്രാൻസ്പോർട്ട് ഫെസിലിറ്റി, നിർമ്മാണ പ്രവർത്തനങ്ങൾ, ഗുണതാ പ്രവർത്തനങ്ങൾ, പഠനപോഷണ പരിപാടികൾ, തുല്യതാ പ്രവർത്തനങ്ങൾ, വർക്ക് എഡ്യൂക്കേഷൻ, ബി.ആർ.സി, സി.ആർ.സി തല പിന്തുണാ പ്രവർത്തനങ്ങൾ, ടീച്ചർ എജ്യൂക്കേഷൻ തുടങ്ങി വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വലിയ പ്രയാസങ്ങൾ ഇതുമൂലം സമഗ്ര ശിക്ഷാ കേരളത്തിന് നേരിടേണ്ടി വന്നു. ദേശീയ പഠന നേട്ട സർവേയിലും കേരളം മികച്ച നേട്ടങ്ങളാണ് കൈവരിച്ചിട്ടുള്ളത്. ഇക്കാര്യങ്ങളൊന്നും പരിഗണിക്കാതെ കേന്ദ്രസർക്കാർ സംസ്ഥാനത്തിന് അർഹമായ വിദ്യാഭ്യാസ വിഹിതം നൽകാതിരിക്കുന്നു. ഇക്കാര്യം സംസ്ഥാന സർക്കാർ ഗൗരവമായി വിശകലനം ചെയ്തിട്ടുണ്ട്. വിഹിതം വെട്ടിക്കുറയ്ക്കുന്നത് വഴി സംസ്ഥാനത്തിന്റെ തനതായ വിദ്യാഭ്യാസ പദ്ധതികളെ ബാധിക്കുന്ന സാഹചര്യം നിലവിലുണ്ട്. |
| (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ കേരളത്തിന് ലഭിക്കേണ്ട ന്യായമായ വിഹിതം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ വിദ്യാഭ്യാസമേഖലകളിൽ സംസ്ഥാന സർക്കാർ ഏതെല്ലാം പദ്ധതികൾക്ക് പണം കണ്ടെത്തേണ്ട സാഹചര്യമാണുള്ളതെന്ന് വിശദീകരിക്കുമോ; | (ബി) | ഉണ്ട്. ചോദ്യം (എ) യുടെ മറുപടിയിൽ പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും കൃത്യമായി നടപ്പിലാക്കുന്നതിനും ജീവനക്കാരുടെ ശമ്പളം നൽകുന്നതിനും എസ്.എസ്.കെ.യ്ക്ക് കേന്ദ്രവിഹിതം ലഭിക്കാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാർ അധിക പണം കണ്ടെത്തേണ്ട സാഹചര്യം നിലവിലുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സമഗ്ര ശിക്ഷാ കേരളം (SSK) പോലുള്ള പദ്ധതികളിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം കൃത്യസമയത്ത് ലഭിക്കാത്ത സാഹചര്യം നിലവിലുണ്ട്. വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്താനുള്ള നിരവധി പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷ വഴിയാണ് കേരളം നടപ്പിലാക്കികൊണ്ടിരുന്നത്. അർഹതപ്പെട്ട ഫണ്ട് ലഭിക്കാത്തത് കാരണം ഈ മേഖലയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് സംസ്ഥാന സർക്കാരിന് പ്രയാസങ്ങൾ സൃഷ്ടിക്കുന്നുണ്ട്. കേന്ദ്രവിഹിതം വെട്ടിക്കുറയ്ക്കുകയോ വൈകിപ്പിക്കുകയോ ചെയ്യുമ്പോൾ, കുട്ടികളുടെ പഠനത്തെയും സ്കൂളുകളുടെ പ്രവർത്തനത്തെയും ബാധിക്കാതിരിക്കാൻ സംസ്ഥാന സർക്കാർ വലിയ തുക സ്വന്തം ഫണ്ടിൽ നിന്നും കണ്ടെത്തി വിനിയോഗിക്കുകയാണ് ചെയ്തു വരുന്നത്. |
| (സി) | ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ച കേന്ദ്രവിഹിതം പൂർണമായും ലഭിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസത്തിന് കഴിഞ്ഞ സാമ്പത്തിക വർഷം (2024-25) സ്പെഷ്യൽ എജ്യൂക്കേറ്റർമാരുടെ ശമ്പളം ഉൾപ്പെടെ ആകെ 12,123.67 ലക്ഷം രൂപയാണ് കേന്ദ്രം അംഗീകരിച്ചിരുന്നത്. കഴിഞ്ഞ വർഷം സമഗ്ര ശിക്ഷാ |

| | | | |
|---|---|---|---|
| | | | കേരളത്തിന് കേന്ദ്രവിഹിതമായി ഒരു രൂപപോലും അനുവദിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ഭിന്നശേഷി കുട്ടികളുടെ വിദ്യാഭ്യാസത്തിനും കേന്ദ്ര വിഹിതം പൂർണ്ണമായും ലഭിച്ചിട്ടില്ല. |
| (ഡി) | കേന്ദ്രസർക്കാർ കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയോട് വിവേചന പൂർണമായ നടപടികൾ കൈക്കൊള്ളുന്നുണ്ടെങ്കിൽ ആയതിനു നിയമപരമായ മാർഗ്ഗങ്ങളിലൂടെ പരിഹാരം കാണുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ? | (ഡി) | സംസ്ഥാനത്തിന് ലഭിക്കാനുള്ള അർഹമായ കേന്ദ്ര ഫണ്ട് പൂർണ്ണമായും വാങ്ങിയെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ